**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1745** **09-12-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ , ശ്രീ ജി എസ് ജയലാൽ , ശ്രീ ഇ ചന്ദ്രശേഖരൻ, ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ (തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണായക സ്വാധീനം ചെലുത്താൻ കഴിയുന്ന വിഴിഞ്ഞം തുറമുഖ നിർമ്മാണത്തെ അട്ടിമറിക്കുന്നതിന് വിദേശ സഹായത്തോടെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ ശ്രമിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇത് സംബന്ധിച്ച് തെളിവുകളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | തുറമുഖ നിർമ്മാണത്തിനെതിരെ സമരം ചെയ്യുന്നവരെ സംബന്ധിച്ച് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ അന്വേഷണം നടത്തിയതായുള്ള വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇത് സംബന്ധിച്ച് തെളിവുകളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത തുറമുഖ നിർമ്മാണത്തിനെതിരായി സമരം ചെയ്യുന്ന സംഘടനകളുമായി സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള സമവായ ചർച്ചകളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | സമരക്കാരുടെ ആവശ്യങ്ങൾ കേൾക്കുവാനും അവ നടപ്പാക്കുന്നതിനുമായി ബഹു. ഫിഷറീസ്, തുറമുഖം, ഗതാഗതം, റവന്യൂ ഭക്ഷ്യ സിവിൽ സപ്ലൈസ്, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിമാരടങ്ങിയ സബ് കമ്മറ്റിയെ ചുമതലപ്പെടുത്തി. അതനുസരിച്ച് ഈ സബ് കമ്മറ്റി രൂപതാ അധികൃതരുമായി ഔദ്യോഗികമായി 5 തവണ ചർച്ച നടത്തുകയുണ്ടായി. ഇത് കൂടാതെ ഫിഷറീസ്, പൊതുവിദ്യാഭ്യാസ മന്ത്രിമാരുമായി നിരവധി അനൗദ്യോഗിക ചർച്ചകളും നടന്നിട്ടുണ്ട്.<br><br>തുടർന്ന് ചീഫ് സെക്രട്ടറി തലത്തിലും ചർച്ച നടത്തി. 06-12-2022 ൽ ബഹു. മുഖ്യമന്ത്രി സമരക്കാരുമായി നടത്തിയ ചർച്ചയെ തുടർന്ന് സമരം അവസാനിച്ചിട്ടുണ്ട്. |
| (ഡി) | വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും | (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനും |

| | | | |
|---|---|---|---|
| | അടിസ്ഥാനസൗകര്യ വികസനത്തിനായും ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | | അടിസ്ഥാനസൗകര്യ വികസനത്തിനുമായി സർക്കാർ നടത്തിയിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | തുറമുഖ നിർമ്മാണം തടസരഹിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | മന്ത്രിമാർ അടങ്ങിയ ഉപസമിതി പല പ്രാവശ്യം സമരക്കാരുമായി ചർച്ച നടത്തി അവർ ആവശ്യപ്പെട്ട വിഷയങ്ങളിൽ സംസ്ഥാനത്തിന് തീരുമാനം എടുക്കാൻ സാധിക്കുന്ന വിഷയത്തിലൊക്കെ തീരുമാനം എടുത്തിട്ടുണ്ട്. വിശദാംശം താഴെ പറയുന്നു.<br><br>1. കടലാക്രമണത്തെത്തുടർന്ന് വീടും സ്ഥലവും നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഓരോ ന്നിനും അവരുടെ പുനരധിവാസം പൂർത്തിയാ കുന്നതുവരെ വാടകയ്ക്ക് വീടെടുത്ത് മാറി താമസിക്കുതിന് 5,500 രൂപ വീതം വാടക നൽകുവാൻ ഉത്തരവായി.<br>2. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പി ക്കുന്നതിന് ഫ്ളാറ്റുകൾ നിർമ്മിക്കാൻ മുട്ടത്തറയിൽ ക്ഷീര വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 17.43 ഏക്കർ ഭൂമിയിൽ നിന്നും 8 ഏക്കർ സ്ഥലം സർക്കാർ അനുവദിച്ചു.<br>3. മണ്ണെണ്ണ വില വർദ്ധിച്ച സാഹചര്യത്തിൽ ഇതര ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള ബോട്ടുകൾ വാങ്ങുന്നതിനു ഒറ്റത്തവണ സബ് സിഡി നൽകു ന്നുണ്ട്.<br>4. മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിലുള്ള അപാകത സംബന്ധിച്ച് ശാസ്ത്രീയമായി പഠനം നടത്തി പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിനായി പൂനെ ആസ്ഥാന മായുള്ള CWPRS നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>5. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി തീരശോഷണം സംഭവിക്കുന്നതായി നാളിതു വരെയുള്ള പഠനങ്ങളിലൊന്നും തെളിഞ്ഞിട്ടില്ല. എന്നിരുന്നാലും തീരശോഷണത്തെപ്പറ്റി പഠിക്കുവാൻ നാലംഗ വിദഗ്ധ സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും നിരവധി പദ്ധതികൾ സർക്കാർ ആവഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധി നഷ്ടപരിഹാരത്തിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തന ങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് സർക്കാർ തുറമുഖ പദ്ധതിയുമായി മുന്നോട്ടു പോകുന്നത്.

തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ ചിപ്പി/ ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പി ത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴി ലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാര മായി ആളൊന്നിന് 5,60,000/- രൂപയും വീതം 913 പേർക്ക് 54.24 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 27.18 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 99.94 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു.

തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ 3.3 ദശ ലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ജലം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ 1000 ൽപ്പരം ശുദ്ധജല വിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു. ഖര മാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നിലവിലെ വിഴിഞ്ഞം CHC യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നില നിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കി. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) ന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ഇവിടെ തുറമുഖാനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ പ്രദേശവാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കുന്നതാണ്. പദ്ധതി പ്രദേശത്തിനു സമീപം കായിക അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുകയാണ്.

ഇതിനു പുറമേ കരാർ കമ്പനിയും മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് നടപ്പിലാക്കി വരുന്നുണ്ട്.

പ്രദേശവാസികളുടെ ക്ഷേമം ഉറപ്പാക്കുവാൻ മത്സ്യബന്ധന വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കൃത്രിമ പാര് പദ്ധതിയ്ക്കായി ആകെ 85 കോടി രൂപ മേഖലയിൽ ചെലവഴിച്ചു.
2. വിഴിഞ്ഞം തുറമുഖ പദ്ധതി തീരശോഷണത്തിന് കാരണമാകുന്ന പക്ഷം പനത്തുറ മുതൽ വേളി വരെ തീരദേശത്ത് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി 190 ഏക്കർ സ്വകാര്യഭൂമിയും 118 ഏക്കർ സർക്കാർ ഭൂമിയും കണ്ടെത്തി.
3. മുട്ടത്തറയിൽ പ്രതീക്ഷ ഫ്ലാറ്റ് നിർമ്മിച്ച് 192 കുടുംബങ്ങളെയും ബീമാപള്ളിയിൽ നിലാവ് ഫ്ലാറ്റ് നിർമ്മിച്ച് 20 കുടുബങ്ങളെയും പുനരധിവസിപ്പിച്ചു.

4. ഉറമുഖ ഗോഡൗണുകളിലും ബന്ധുവീടുകളിലും താമസിക്കുന്നവർക്ക് അവരുടെ പുനരധിവാസം പൂർത്തിയാകുന്നതുവരെ ജില്ലാ ഭരണകൂടം നിശ്ചയിച്ച പ്രകാരം 5500/-രൂപ വീതം വാടക അനുവദിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.
5. 150 മത്സ്യത്തൊഴിലാളി യുവാക്കൾക്ക് കടൽ രക്ഷാപ്രവർത്തനത്തിൽ പ്രത്യേക പരിശീലനം. ഇതിൽ 112 പേരും വിഴിഞ്ഞം ഉറമുഖ പദ്ധതി മേഖലയിൽ ഉൾപ്പെടുന്നവർ.
6. സാഫ് മുഖേന സ്ത്രീ ശാക്തീകരണത്തിനായി തീരനൈപുണ്യ സൂക്ഷ്മ തൊഴിൽ സംരംഭങ്ങളും പലിശ രഹിത വായ്പ, മത്സ്യ വില്പനയിൽ ഏർപ്പെടുന്നവർക്ക് റിവോൾവിംഗ് ഫണ്ട്, സീഫുഡ് റസ്റ്റോറന്റ് മത്സ്യവില്പനയ്ക്കായി കിയോസ്കുകൾ എന്നിവ അനുവദിച്ചു.
7. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായത്തിന് പുറമേ മെഡിക്കൽ എൻട്രൻസ് പരിശീലനം, ബാങ്ക് ടെസ്റ്റ് പരിശീലനം, സിവിൽ സർവ്വീസ് പരിശീലനം, പി.എസ്.സി പരീക്ഷ പരിശീലനം, മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് പഠിപ്പിക്കൽ എന്നീ പദ്ധതികൾ നടപ്പാക്കി.
8. പരിശീലന ബോധവത്കരണ പരിപാടികളുടെ ഭാഗമായി കരിയർ ഗൈഡൻസ്, ബോധവത്കരണ ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു.
9. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠന ഉപകരണങ്ങൾ നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലാപ് ടോപ്പ് വിതരണം ചെയ്തു.
10. വലിയതുറ മേഖല ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ 10 കോടി രൂപ ചെലവഴിച്ച് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് താമസിച്ച പഠിക്കുന്നതിന് ആധുനിക സംവിധാനം ഒരുക്കി.
11. കടൽ ദിശാ സൂചക ഉപകണങ്ങളും രക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ് ലൈഫ് ബോയ്, GPS, NaviC, സാറ്റലൈറ്റ് ഫോൺ, ഇക്കോ സൗണ്ടർ എന്നിവ വിതരണം ചെയ്തു.
12. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കേട് കൂടാതെ കരയ്ക്കെത്തിക്കുന്നതിന് ഇൻസുലേറ്റഡ് ബോക്സ് അനുവദിച്ചു.
13. മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധിയായി വള്ളവും വലയും നൽകുന്ന പദ്ധതിയും നടപ്പിലാക്കി.
14. മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന ഉപകരണ ങ്ങളുടെ ഉടമസ്ഥരാക്കുന്നതിനായി മത്സ്യഫെഡ് മുഖേന വായ്പ പദ്ധതികൾ നടപ്പാക്കി.
15. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**